**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4145** **17-03-2025 - ൽ മറുപടിയ്ക്ക്**

**പുഴപ്പുറമ്പോക്ക് ഭൂമിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുഴപ്പുറമ്പോക്ക് ഭൂമിയിലെ നിർമ്മാണ പ്രവർത്തനം, ഭൂമി കൈമാറ്റം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 218(1), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 208എ(1) വകുപ്പ് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള പുഴ പുറമ്പോക്ക് ഭൂമി, മേൽ പറഞ്ഞ വകുപ്പിലെ (3)-ാം ഉപവകുപ്പ് അനുസരിച്ച് സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച ശേഷവും, അതിന് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നൽകിയ ശേഷവും ഏതൊരു പൊതുജല സ്രോതസ്സിന്റെയും അതിന് തൊട്ടടുത്തുള്ളതും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെയും ഭരണം ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത ഭൂമിയിലെ നിർമ്മാണ പ്രവർത്തനം, ഭൂമി കൈമാറ്റം എന്നിവ സംബന്ധിച്ച് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത പുഴപ്പുറമ്പോക്ക് ഭൂമിയിൽ ജലഗതാഗതം, വിനോദസഞ്ചാരം എന്നീ ആവശ്യങ്ങൾക്ക് വികസന പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ? | (ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 218(1), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 208എ(1) വകുപ്പ് അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള പുഴ പുറമ്പോക്ക് ഭൂമി, മേൽ പറഞ്ഞ വകുപ്പിലെ (3)-ാം ഉപവകുപ്പ് അനുസരിച്ച് സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച ശേഷവും, അതിന് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നൽകിയ ശേഷവും ഏതൊരു പൊതുജല സ്രോതസ്സിന്റെയും അതിന് തൊട്ടടുത്തുള്ളതും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെയും ഭരണം ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത ഭൂമിയിലെ നിർമ്മാണ പ്രവർത്തനം, ഭൂമി കൈമാറ്റം എന്നിവ സംബന്ധിച്ച് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ